(എ) സംസ്ഥാനത്തെ സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റാനുള്ള ഏതെങ്കിലും പദ്ധതികൾക്കു രൂപം നൽകിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത പരിപാടികൾ ഏതു ഘട്ടത്തിലാണ് എന്നും അവയുടെ പ്രവർത്തന പുരോഗതി എന്താണെന്നും വിശദമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ)&(ബി)സംസ്ഥാനത്തെ 2002-ാമാണ്ടോടെ ഒരു സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമാക്കി മാറ്റാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ രണ്ടു വർഷംകൊണ്ട് അഞ്ചുലക്ഷം വീടുകൾ നിർമ്മിക്കുവാൻ വേണ്ട നടപടികൾ തുടങ്ങിക്കഴിഞ്ഞു.

8 (*318) വൈദ്യുതി അദാലത്തുകൾ

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണാൻ നിലവിലുള്ള സംവിധാനം പര്യാപ്തമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) വൈദ്യുതി ഉപഭോക്താക്കളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനായി വൈദ്യുതി അദാലത്തുകൾ സംഘടിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ എന്നു മുതൽ വൈദ്യുതി അദാലത്തുകൾ നിലവിൽ വരുമെന്നു വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് എത്ര അദാലത്തുകൾ സംഘടിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ജി) സംസ്ഥാനത്ത് ആരംഭിക്കുവാനുദ്ദേശിക്കുന്ന വൈദ്യുതി അദാലത്തുകളുടെ ഘടന എന്താണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(എച്ച്) വൈദ്യുതി അദാലത്തുകളുടെ അധികാരപരിധിയിൽ എന്തൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്.

(ബി) വിതരണരംഗവുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ പരാതികൾക്ക് സെക്ഷൻ തലത്തിൽത്തന്നെ പരിഹാരം കാണാൻ സംവിധാനം നിലവിലുണ്ട്. ഉപഭോക്താക്കളുടെ പരാതികൾ ക്രമനമ്പരിട്ട് രേഖപ്പെടുത്തുന്നതിന് സെക്ഷനാഫീസുകളിൽ പരാതി പുസ്തകമുണ്ട്. ഇത്തരം പരാതികൾ മുൻഗണനാക്രമത്തിൽ ഉത്തരവാദപ്പെട്ട ബോർഡ് ജീവനക്കാർ പരിഹരിക്കുന്നു. ഈ പരാതികളുടെ സ്ഥിതി അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ പരിശോധിക്കുകയും ചെയ്യും. കൂടാതെ, ബോർഡിന്റെ വിവിധ മേലാഫീസുകളിൽ ലഭിക്കുന്ന പരാതികളും പരിശോധിച്ചു പരിഹരിക്കാറുണ്ട്.

(സി) പര്യാപ്തമാണ്.

(ഡി) ഉണ്ട്.

(ഇ) 1/8/1999 മുതൽ 15/8/1999 വരെയാണ് അദാലത്തുകൾ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(എഫ്) സംഘടിപ്പിക്കുന്ന അദാലത്തുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ജി) 15/7/1999 മുതൽ 31/7/1999 വരെ ലഭിക്കുന്ന പരാതികൾ പരിഹരിക്കുന്നതിനായി ഉപഭോക്താക്കളുടെ സൗകര്യാർത്ഥം മേജർ സെക്ഷനിലോ ഡിവിഷൻ ഓഫീസിലോ വച്ച് അതാതിടത്തെ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറാണ് അദാലത്തുകൾ സംഘടിപ്പിക്കുന്നത്. ലഭിക്കുന്ന പരാതികളുടെ സ്വഭാവവും എണ്ണവും നോക്കി ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ പരാതി പറയുവാൻ തക്കവിധം മേജർ സെക്ഷനിലോ ഡിവിഷനിലോ വച്ച് ഇവ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനാൽ നടത്തേണ്ടിവരുന്ന അദാലത്തുകളുടെ എണ്ണം ഇപ്പോൾ തിട്ടപ്പെടുത്തുവാൻ കഴിയില്ല. അദാലത്തുകളിൽ സന്നിഹിതരാകാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികളേയും ക്ഷണിക്കുന്നതാണ്. സന്നിഹിതരാകുന്ന ഈ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിലായിരിക്കും പരാതികൾ കേട്ട് തീരുമാനമെടുക്കുക. തീരുമാനം പരാതിക്കാരനെ രേഖാമൂലം അറിയിക്കുന്നതാണ്.

(എച്ച്) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കൾക്കുള്ള എല്ലാ പരാതികളും അദാലത്തുകളുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

9 (*319) കരിക്കുലം പരിഷ്ക്കരണം

ശ്രീ. എൻ.ആർ. ബാലൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം. ദാസൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണത്തിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly